# മുനമ്പം പോലീസ് സ്റ്റേഷൻ പരിധിയിൽ "തൗസന്റ് ഐസ്"

എറണാകുളം റൂറൽ ജില്ലയെ സ്മാർട്ട് പോലീസിംഗ് സംവിധാനത്തിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം റൂറൽ ജില്ലാ പോലീസ് നടപ്പിലാക്കുന്ന പദ്ധതിയായ "തൗസന്റ് ഐസ്" ന്( Project Thousand Eyes) മുനമ്പം പോലീസ് സ്റ്റേഷൻ പരിധിയിൽ തുടക്കമായി. പോലീസ് സ്റ്റേഷൻ പരിധിയിൽ പൊതുജനങ്ങളുടെ സഹകരണത്തോടെ വിവിധയിടങ്ങളിലായി ആദ്യഘട്ടത്തിൽ 50 സിസിടിവി ക്യാമറകളാണ് സ്ഥാപിക്കുന്നത്. ക്യാമറകളുടെ സ്വിച്ച് ഓൺ മുനമ്പം പോലീസ് സ്റ്റേഷനിൽ സംഘടിപ്പിച്ച ചടങ്ങിൽ വച്ച് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് നിർവ്വഹിച്ചു. സേവി താണിപ്പിള്ളി അധ്യക്ഷത വഹിച്ചു, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, പഞ്ചായത്ത് പ്രസിഡന്റ് മാരായ നിബിൻ, രമണി അജയൻ വാർഡ് മെമ്പർ പോൾസൺ, മുനമ്പം വെൽഫയർ അസ്സോസിയേഷൻ ജനറൽ കൺവീനർ കെ.കെ.ഭാസി, റ്റി,വി.സജീവ്, അബ്ദുൾറഹ്മാൻ, എസ്.എച്ച്.ഒ എ.കെ. സുധീർ തുടങ്ങിയവർ സംബന്ധിച്ചു.

ജില്ലാ അസ്ഥാനത്ത് പ്രവർത്തിക്കുന്ന കമാന്റ് ആന്റ് കണ്ട്രോൾ റൂമിനു കീഴിൽ റൂറൽ ജില്ലയാകെ സി.സി.ടി.വിനെറ്റ് വർക്ക് കേന്ദ്രീകൃത നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തിയും പോലീസ് സ്റ്റേഷനുകളിലും നിരീക്ഷണ സൗകര്യം ഏർപ്പെടുത്തിയും ജില്ലയിൽ നടപ്പിലാക്കുന്ന പ്രൊജക്റ്റ് തൗസന്റ് ഐസ് ( Project Thousand Eyes ). പദ്ധതി പ്രകാരം ദിവസം മുഴുവൻ സാങ്കേതിക നിരീക്ഷണം സാധ്യമാകുന്നതിന് ഉയർന്ന റസല്യൂഷനിലുള്ള ക്യാമറകൾ പ്രധാന ജംഗ്ഷനുകളിലും, പ്രധാന സ്ഥലങ്ങളിലും, സ്കൂൾ/കോളേജ് പരിസരങ്ങളിലും സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇങ്ങനെ സ്ഥാപിക്കുന്ന എല്ലാ ക്യാമറകളിൽ നിന്നുമുള്ള ദൃശ്യങ്ങൾ ജില്ലാ അസ്ഥാനത്തെ കമാന്റ് ആന്റ് കണ്ട്രോൾ റൂമിലുള്ള ഉദ്യോഗസ്ഥർ ദിവസം മുഴുവൻ നിരീക്ഷണ വിധേയമാക്കും.

കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്വം വഴി വിവിധ പൊതുമേഖലയിലെയും, സ്വകാര്യ മേഖലയിലെയും കമ്പനികൾ/ സ്ഥാപനങ്ങൾ, മൾട്ടി നാഷണൽ കോർപ്പറേഷൻസ്, പ്രമുഖ ഗവൺമെന്റിതര സംഘടനകൾ, മർച്ചന്റ്സ് അസ്സോസിയേഷനുകൾ, റെസിഡൻസ് അസ്സോസിയേഷനുകൾ, പൊതുജനങ്ങൾ, കൂടാതെ മറ്റ് തൽപ്പര കക്ഷികൾ എന്നിവയുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി ഈ പദ്ധതി ജില്ലയൊട്ടാകെ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റൂറൽ ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ പദ്ധതി നടത്തി വരികയാണെന്നും അതിന്റെ തുടർച്ചയാണ് മുനമ്പം സ്റ്റേഷനിൽ നടക്കുന്നതെന്നും എസ്.പി കാർത്തിക് പറഞ്ഞു.